മിസ്റ്റർ കെ. അയ്യപ്പൻ :

(എ) ഈ പാലം പണിയുന്നതിന്നു് ഉദ്ദേശം ഒരു ലക്ഷം രൂപയോളം ചിലവു വരുന്നതാണു്. ഇപ്പോഴത്തെ ധനസ്ഥിതി ഈ പാലംപണി തൽക്കാലം എടുക്കുവാൻ അനുവദിക്കുന്നില്ല.

(ബി) എ-ക്കുള്ള ഉത്തരംകൊണ്ടു് ഈ ചോദ്യത്തിന്നു ഉത്തരം ആവശ്യമില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അവിടെ ഇപ്പോൾ ഗതാഗതം വളരെ വഴ്ചിച്ചിരിക്കുന്നതുകൊണ്ടു് മറേറതെങ്കിലും സഞ്ചാരസൌകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിന്നുള്ള ഒരു പദ്ധതി ഉണ്ടാക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ബോട്ടിടുന്നതിനെക്കുറിച്ചാണോ?

മിസ്റ്റർ സെബാസ്റ്റ്യൻതോപ്പിൽ: അതെ.

മിസ്റ്റർ കെ. അയ്യപ്പൻ: ബോട്ടിടത്തക്ക വിസ്താരം ആ പുഴക്കില്ല. പാലം പണിയുന്നകാര്യം ഗവൺമെണ്ടു് ആലോചിക്കുന്നതായിരിക്കും.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: ഒരു കടത്തുകൂടി അവിടെ നടത്താൻ എർപ്പാടു ചെയ്യാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഇപ്പോൾ കടത്തുണ്ടല്ലോ.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: കൂടുതൽ വഞ്ചിവേണം.

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെക്കുറിച്ചു് ആലോചിക്കാം.

മിസ്റ്റർ സി. യു. നാരായണൻ: കൊച്ചിരാജ്യത്തിൽ രണ്ടു ലക്ഷത്തിൽ കുറഞ്ഞ വല്ല പദ്ധതിയുമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: കുറഞ്ഞ പദ്ധതികളുമുണ്ടു്.

മിസ്റ്റർ സി. യു. നാരായണൻ: രണ്ടുലക്ഷത്തിൽ കൂടുതലുള്ള പദ്ധതികളുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: രണ്ടു ലക്ഷത്തിലും വളരെ കൂടുതലുള്ള പദ്ധതികളുമുണ്ടു്.

PANANGAD V. L. S. SCHOOL—COMPLAINTS REGARDING

109. (337) മിസ്റ്റർ കെ. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) പനങ്ങാട്ടു വി. എൽ. എസ്സു്. സ്കൂൾ മാനേജ്മെണ്ടിനെക്കുറിച്ചു് ഗവൺമെണ്ടിന്നു വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആക്ഷേപങ്ങൾ എന്തെല്ലാമാണു് ;

(സി) ഗവൺമെണ്ടു് ആക്ഷേപങ്ങളെക്കുറിച്ചു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു് :

(എ) ഉവ്വു്.

(ബി) വി. എൽ. എസ്സു്. സ്കൂളിൽ സവർണ്ണജാതിയിൽ പെട്ടവരെ മാത്രമേ അദ്ധ്യാപകന്മാരായി നിയമിക്കുന്നുള്ളു എന്നതാണു്.

(സി) ഉവ്വു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ആരാണു് ആക്ഷേപം അയച്ചിട്ടുള്ളതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ശ്രീമതി കമലാക്ഷി എന്ന സ്ത്രീയാണു്. ശ്രീമതി കമലാക്ഷി ജോലിക്കപേക്ഷിച്ചിരുന്നു. അവർ സർക്കാർ സർവീസിൽനിന്നു് രാജിവെച്ചയച്ചിരുന്നു. അവരോടു് ഒരു കൊല്ലത്തേക്കു്—വിദ്യാഭ്യാസവർഷം മുഴവനും—ജോലിചെയ്യുവാൻ സാധിക്കുമോ എന്നു് ചോദിച്ചു. അവരതിന്നു് തയ്യാറില്ലായിരുന്നു. അതുകൊണ്ടു് മാനേജർ അവരെ ജോലിയിൽവെക്കാൻ സമ്മതിച്ചില്ല.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഇവരല്ലാതെ വേറെ ആരുടേയും ആക്ഷേപമുണ്ടായിരുന്നില്ലെ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇല്ല. ഇവരുടെ ഒരു കാര്യമാണു് വന്നതു്. ആ കാര്യത്തെപ്പറ്റിയെ ഗവൺമെണ്ടാലോചിച്ചുള്ളു.

മിസ്റ്റർ പി. കെ. ഡീവർ: ഈ കമലാക്ഷിയോടു മാത്രമെ ഇങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളു എന്നൊ അതോ മറവുള്ളവരോടും ആവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സുവേണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സവർണ്ണരെ മാത്രമെ വെയ്ക്കാൻ പാടുള്ളുവെന്നു് വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആ വ്യവസ്ഥ ഇനിയും തുടർന്നുകൊണ്ടു പോകണമോ?

(ഉത്തരമില്ല.)

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: അങ്ങിനെ പാടില്ലെന്ന കാര്യത്തിനു് ഗവൺമെണ്ടിന്റെ വല്ല നടപടിയുമുണ്ടോ?

Mr. President: Order, Order, that is a wider question. We are on the management of the Panangad School.

മിസ്റ്റർ പി. കെ. ഡീവർ: സവർണ്ണരല്ലാത്ത ആളുകളെ വെക്കാത്തതിന്റെ കാരണമെന്താണെന്നു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അന്വേഷിച്ചിട്ടില്ല. ഫയൽ ഇപ്പോഴും ക്ലോസു് ചെയ്തിട്ടില്ല.

മിസ്റ്റർ സി. സി. പ്രസാദ്: അന്വേഷിക്കാതെ പിന്നെ എങ്ങിനെയാണു് ഈ ചോദ്യത്തിനുത്തരം പറഞ്ഞതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആവലാതി എന്താണെന്നുനോക്കി അതിനെക്കുറിച്ചു് അന്വേഷിച്ചു. അപ്പോൾ കിട്ടിയ മറുപടിയാണു പറഞ്ഞതു്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: മാനേജുമെണ്ടിനെ സംബന്ധിച്ചു നാട്ടുകാരുടെ വല്ല ആക്ഷേപവും വന്നിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പ്രജാമണ്ഡലത്തിൽനിന്നു് ആക്ഷേപമുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: എന്താണാക്ഷേപം?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ആക്ഷേപം, സവർണ്ണഹിന്ദുക്കൾ മാത്രമാണു് ആ സ്കൂളിൽ ഉള്ളതു്. അതാണു് ആവലാതി.

മിസ്റ്റർ സി. സി. പ്രസാദ്: വിദ്യാർത്ഥികളും സവർണ്ണർ മാത്രമാണോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അല്ല.

AMALGAMATION OF CRANGANUR AND STATE BUDGETS

110. (105) മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ എഴുതുന്ന ചോദ്യത്തിനു് ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

സ്റ്റേറ്റ് ബഡ്ജറ്റും കൊടുങ്ങല്ലൂർ ബഡ്ജറ്റും ഏകീകരിക്കുവാൻ വേണ്ട നടപടികളും ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ സംഗതിയെപ്പറ്റി ഗവർമെണ്ടു് ആലോചിച്ചുവരുന്നുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: അടുത്ത ബഡ്ജറിലെങ്കിലും ഇതിനെക്കുറിച്ചാലോചിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അടുത്ത ബഡ്ജറിനുമുമ്പു് ശരിയാക്കും.

CAMP CLERK Mr. SUBRAMANIA AYYAR'S MORTGAGE DEED TO G. P. PARVATHIAM—INFORMATION REGARDING

111. (308) മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് ദയവായി മറുപടി പറയുമോ.—

തലപ്പിള്ളി തഹശിൽദാരുടെ ക്യാമ്പുക്ലാർക്കു് സുബ്രഹ്മണ്യയ്യൻ ഒരു നെല്ലെടുപ്പു പാവ്തുക്കാരനു പണയാധാരം എഴുതി സംഖ്യ കടം വാങ്ങിയതു ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: സുബ്രഹ്മണ്യയ്യൻ എന്ന പേരായി നെല്ലെടുപ്പു തഹസിൽദാർക്കു് ഒരു ക്യാമ്പുക്ലാർക്കുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: സുബ്രഹ്മണ്യയ്യൻ എന്ന പേരായി ഒരു ക്യാമ്പുക്ലാർക്കുണ്ടോ എന്നറിഞ്ഞുകൂടാ. സുബ്രഹ്മണ്യയ്യൻ ഇപ്പോൾ സർവ്വീസിലില്ല. സുബ്രഹ്മണ്യയ്യൻ പണം വിതരണം ചെയ്യുന്ന കാര്യത്തിൽ തഹസിൽദാരെ സഹായിച്ചിരുന്നു. അതു ക്യാമ്പുക്ലാർക്കായിട്ടല്ല.

LIBRARY ARCHIVES Kerala Legislative Assembly